മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഈ വർഷത്തിൽ പുതിയതായി രജിസ്റ്റർ ചെയ്ത്ിട്ടുള്ള ട്രേഡ്‌യൂണിയനുകളും 145.

(ബി) 147 ട്രേഡ്‌യൂണിയനുകളുടെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യപ്പെടുകയും ഒരു യൂണിയന്റെ രജിസ്ട്രേഷൻ പിൻവലിക്കപ്പെടുകയും ചെയ്ത്ിട്ടുണ്ട്.

(സി) വാർഷിക്കണക്കുകളും യഥാകാലം ഹാജരാക്കാത്തതുകൊണ്ട്.

പഞ്ചായത്തില്ലാത്ത പ്രദേശം.

* 911. [57] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ–കൊച്ചിയിൽ തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തില്ലാത്ത പ്രദേശം ഏതെങ്കിലുമുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളും ഇല്ലാത്ത പ്രദേശങ്ങളും ഉണ്ട്.

(ബി) കോട്ടയം ഡിസ്ട്രിക്ടിൽ മീനച്ചിൽ താലൂക്കിലും, കെ. ഡി. എച്ച്. പി. കമ്പനി ഏരിയായിലും.

STARRED QUESTIONS POSTED FOR ANSWER ON 18-10-1955.

ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിലെ തൊഴിലാളികൾ.

* 912. [1] ശ്രീ. എൻ. നീലകണ്ഠൻ പണ്ടാരത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിലെ തൊഴിലാളികൾക്ക് (പെൻഷൻ പറ്റിപ്പോന്നവരുൾപ്പെടെ) ട്രെയിഡ് യൂണിയനവകാശങ്ങൾ അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം തൊഴിൽ നിയമങ്ങളാണ് ഇന്നു് അവർക്ക് ബാധകമായിട്ടുള്ളതു്;

(സി) പേമെന്റ് ഓഫ് വേജസ് ആക്റ്റ്, സ്റ്റാൻഡിംഗ് ഓർഡേഴ്സ് ആക്റ്റ്, ഇൻഡസ്ട്രിയൽ ആക്റ്റ് എന്നിങ്ങനെയുള്ള മുഴുവൻ ലേബർ നിയമങ്ങളും അവർക്ക് ബാധകമാക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിലെ ആഫീസ് സ്റ്റാഫും ഗസറ്റഡ് ഉദ്യോഗസ്ഥന്മാരും ഒഴിച്ച് ബാക്കിയുള്ള എല്ലാ തൊഴിലാളികൾക്കും ട്രേഡ്‌യൂണിയൻ അവകാശങ്ങൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1. ട്രേഡ് യൂണിയൻ ആക്ട്,
2. ഫാക്ടറീസ് ആക്ട്,
3. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ട്,
4. പേമെൻറ് ആഫ് വേജസ്സ് ആക്ട്,
5. മിനിമം വേജസ് ആക്ട്,
6. വർക്ക്മെൻസ് കോമ്പൻസേഷൻ ആക്ട്.

(സി) പേമെൻറ് ആഫ് വേജസ് ആക്ടും, സ്റ്റാൻഡിംഗ് ഓർഡേഴ്സ് ആക്ടും ഇപ്പോൾ ബാധകമാക്കുന്നതിനെ കാര്യത്തിൽ ഒരു തീരുമാനമെടുത്തിട്ടില്ല. ആ കാര്യം ഇപ്പോഴും ഗവണ്മെൻറിൻെറ ആലോചനയിലിരിക്കുകയാണ്.

കേന്ദ്രത്തിൽ നിന്നുള്ള ഗ്രാൻറ്.

* 913. [36] ശ്രീ. പി. കെ. യശോധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) കേന്ദ്രഗവണ്മെൻറിൽനിന്നും സംസ്ഥാനത്തെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറ് ലേയ്ക്കു എതെങ്കിലും ഗ്രാൻറ് അടുത്ത കാലത്തു് നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എതുരൂപത്തിൽ വിനിയോഗിക്കുകയുണ്ടായി;

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കേന്ദ്രഗവണ്മെൻറ് 1954-55-ൽ 5,41,682-8-0-വും 1955-56-ൽ ഇതുവരെ 4,59,909-കയും സംസ്ഥാന ഗവണ്മെൻറിനു നൽകിയിട്ടുണ്ടു്.

(ബി) 1954-55-ൽ ലഭിച്ച ഗ്രാൻറുതുക താഴെ പറയുന്ന പദ്ധതികൾക്കു വിനിയോഗിച്ചു.

1. അണ്ടർഗ്രാഡുവേറ്റ്സിനുള്ള ബേസിക് ട്രെയിനിംഗ് കോളേജ് സ്ഥാപിക്കുക.
2. 5 പ്രൈമറിസ്കൂളുകൾ ബേസിക്കു് സ്കൂളുകളാക്കുക.
3. തൃശ്ശൂരിൽ ഒരു ഡിസ്ട്രിബ്യൂട്ടിംഗ് ലൈബ്രറി തുറക്കുക.
4. ഹിന്ദിപ്രോത്സാഹനം.
5. പ്രൈമറിസ്കൂളുകളിൽ കമ്മ്യൂണിറ്റി സെൻറുകൾ തുറക്കുക.
6. ചില സെക്കൻഡറിസ്കൂളുകളിലെ ലാബ്രട്ടറിയും ലൈബ്രറിയും അഭിവൃദ്ധിപ്പെടുത്തുക.
7. ഫ്രീപ്രൈമറിസ്കൂൾ വിദ്യാഭ്യാസം.
8. അദ്ധ്യാപകവിദ്യാർത്ഥികളുടെ തൊഴിലില്ലായ്മ പരിഹരിക്കുക.

1955-56-ൽ താഴെ പറയുന്ന പദ്ധതികൾക്കാണു് ഗ്രാൻറ് ലഭിച്ചിട്ടുള്ളതു്.

1. അദ്ധ്യാപകവിദ്യാർത്ഥികളുടെ തൊഴിലില്ലായ്മ പരിഹരിക്കൽ
2. ബേസിക്കു് എഡ്യൂക്കേഷൻ വികസനം.
3. കുട്ടികൾക്കും പ്രായമായവർക്കും വേണ്ടി പുസ്തകങ്ങൾ നിർമ്മിക്കുക.

ഈ പദ്ധതികൾ നടപ്പാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly